# സ്ത്രീവാദവും മലയാളസാഹിത്യനിരൂപണവും

**സോണിയ ഇ.പ.**
അസിസ്റ്റന്റ് പ്രൊഫസർ, സി.എച്ച്.എം.കെ.എം. ഗവ. കോളേജ്, കൊടുവള്ളി

വ്യക്തിപരമായതെല്ലാം രാഷ്ട്രീയമാണെന്ന രണ്ടാംതരംഗസ്ത്രീവാദ സിദ്ധാന്തങ്ങളുടെ മുഖവാക്യം മലയാള സാഹിത്യനിരൂപണത്തിന്റെ സമസ്തമണ്ഡലങ്ങളിലും വലിയ ചലനംസൃഷ്ടിച്ചിരുന്നു. സാഹിത്യത്തിൽ സ്ത്രീവാദനിരൂപണം ശക്തിപ്പെടുകമാത്രമല്ല അതിന്റെ ആണധികാര സമീപനങ്ങൾ മാറ്റിപ്പണിയുന്നതിനും ഈ സൈദ്ധാന്തികധാര സഹായിച്ചിട്ടുണ്ട്. സ്ത്രീവാദം എന്നതിലെ സ്ത്രീശബ്ദം ഇന്ന് വിപുലമായ അർത്ഥവ്യാപ്തിയുള്ളതായിതീർന്നിട്ടുണ്ട്. ലിംഗപരമായ ഭിന്നലിംഗാവസ്ഥകളെ മുഴുവൻ പരിഗണിക്കണം എന്ന കാഴ്ചപ്പാടിലേക്ക് പുതിയ പഠനങ്ങൾ മാറിയിട്ടുണ്ട്. വ്യക്തിപരമായതെല്ലാം രാഷ്ട്രീയമാണെന്ന ഉൾക്കാഴ്ചയെ സ്വീകരിക്കുമ്പോൾ സാഹിത്യത്തിലെ ലിംഗപരമായ അനീതിയുടെ വിഷയങ്ങളെ പലമട്ടിൽ കാണാൻ തയ്യാറാവുകയായിരുന്നു മലയാളസാഹിത്യ നിരൂപണം. സാഹിത്യത്തിലെ സ്ത്രീകളുടെ അദൃശ്യത, അതിനെ മറികടന്നുകൊണ്ടുവരുന്ന പ്രതിനിധാനങ്ങൾ, ആണധികാരം ഉത്പാദിപ്പിച്ച ദൃശ്യതയുടെ പ്രത്യയശാസ്ത്രം തുടങ്ങി നൂതനമായ മേഖലകളിലേക്കുള്ള സാഹിത്യനിരൂപണത്തിന്റെ സഞ്ചാരം തുടങ്ങുന്നതിന് കാരണമായത് രണ്ടാം തരംഗ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളാണ്. ശുദ്ധസൗന്ദര്യവാദങ്ങളെ പിന്തള്ളിക്കൊണ്ടുവന്ന ജീവത്സാഹിത്യത്തിന്റെ നിരൂപണവഴികളോട് പലതലത്തിൽ ആശയപരമായ സംവാദം നടത്തിക്കൊണ്ടാണ് സ്ത്രീവാദം മലയാളത്തിൽ ശക്തിപ്പെടുന്നത്.

## I

മാർക്സിസ്റ്റ് വിമർശനപദ്ധതികളോടുള്ള സംവാദാത്മകമായ വിമർശനങ്ങളിൽനിന്നാണ് രണ്ടാം തരംഗ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ

പിറക്കുന്നത്. ലോകത്തെ വ്യാഖ്യാനിക്കാൻ മാത്രമല്ല മാറ്റിത്തീർക്കു ന്നതിലാണ് സിദ്ധാന്തങ്ങൾ ശ്രദ്ധിക്കേണ്ടതെന്ന മാർക്സിസത്തിന്റെ അടിസ്ഥാന ചിന്തതന്നെയാണ് ഫെമിനിസം അഥവാ സ്ത്രീവാദവും പിൻ പറ്റുന്നത്. ശുദ്ധ സൗന്ദര്യവാദങ്ങളോട് കലഹിച്ചുകൊണ്ടുതന്നെയാണ് ഫെമിനിസ്റ്റ് സൗന്ദര്യചിന്തകളും ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നത്. ചരിത്രപരമായ സമീപനത്തിൽനിന്നുകൊണ്ടുതന്നെയാണ് ഫെമിനിസ്റ്റ് ചിന്തകൾ ലിംഗപരമായ അസമത്വത്തെ സൈദ്ധാന്തികമായി സമീപി ക്കുന്നത്. ആശയവാദങ്ങളുടെ അമൂർത്തതയിലല്ല 'Personal's Political' എന്നതിലെ വ്യക്തി നില്ക്കുന്നത്.

"ബോധമനസ്സ് എന്നതിനുമേൽ അസ്തിത്വത്തെ കൽപ്പിക്കുന്നു എന്ന തുതന്നെയാണ് ഭൗതികവാദത്തിന്റെ കാതൽ. അസ്തിത്വം എന്നത് ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളും ചേർന്ന സമഗ്രതയാണ്. ഈ സമഗ്രതയെ വിശദീകരിക്കാനാവും എന്നതാണ് മാർക്സിസ്റ്റ് സങ്കല്പത്തി ന്റെ അടിസ്ഥാനം. കാരണം പരസ്പരാശ്രിത ഘടകങ്ങളും അതിന്റെ പ്ര തിപ്രവർത്തന നിയമങ്ങളും അപഗ്രഥിച്ചു കണ്ടെത്താൻ മാർക്സിസം ശ്ര മിക്കുന്നു."[1] ഇങ്ങനെയൊരു സമീപനത്തിന് തീർച്ചയായും ലിംഗഭേദം സൃഷ്ടിക്കുന്ന അധികാരവ്യവസ്ഥയെക്കൂടി വിശദീകരിക്കേണ്ടിവരും. അതുകൊണ്ട് നേരത്തേ സൂചിപ്പിച്ച വ്യക്തി കുടുംബത്തിന്റെ ചരിത്രപ രമായ വികാസത്തിനിടയിൽ രൂപംകൊണ്ട പുതിയ ലിംഗപരമായ കർത്തൃത്വങ്ങൾ സൃഷ്ടിച്ച അനുഭവങ്ങളിൽനിന്നു പിറന്നതാണ്. രാഷ്ട്രീയം എന്ന സംജ്ഞയുടെ ക്യാൻവാസ് വളരെ വിപുലമായിക്കൊണ്ടിരിക്കുന്ന കാലത്താണ് Personal is Political എന്നു പറയുന്നത്. സ്ത്രീവാദ നിരൂപണ ത്തിന്റെ സൈദ്ധാന്തിതമായ അടിത്തറതന്നെ മാറുന്ന ഒരു കാലമായി ഇതിനെ വിമർശനസാഹിത്യചരിത്രം തീർച്ചയായും അടയാളപ്പെടുത്തും. ആണധികാരത്തിന്റെ (Patriarchy) ബലതന്ത്രങ്ങളെ മനസ്സിലാക്കാൻ സാഹിത്യത്തിൽ സ്ത്രീകൾ നടത്തിയ ഇടപെടലുകളെ മനസ്സിലാക്കണ മെന്ന ചിന്തയിലേക്ക് സ്ത്രീവാദനിരൂപണം എത്തിയിട്ടുണ്ട്. സ്ത്രീകളുടെ ശബ്ദം എന്നത് ഉപസംസ്കാരത്തെക്കുറിച്ചുള്ള ആലോചനയിലേക്ക് നയി ക്കുന്നു. പ്രത്യയശാസ്ത്രം എന്നതിനേക്കാൾ പ്രതിനിധാനത്തിലും വംശാ വലിയിലുമാണ് രണ്ടാം തരംഗത്തിലെ ഒരു വിഭാഗം ശ്രദ്ധിച്ചിരുന്നത്.

## II

പ്രത്യയശാസ്ത്രപരമായി നിർമ്മിക്കപ്പെട്ടതാണെന്നു പറയുന്നതോ ടുകൂടി അതൊരു അടഞ്ഞ വ്യവസ്ഥയായി മാറുന്നു. പ്രതിനിധാനം എന്നാകുമ്പോൾ അത് ചലനാത്മകമായിത്തീരുന്നു. വേറിട്ട ഭാവനയും

പ്രതിഷേധവും സ്ത്രീകളുടെ പ്രതിനിധാനത്തിലുണ്ടാവും. പ്രത്യയശാസ്ത്രത്താൽ നിർമ്മിക്കപ്പെടുന്നു എന്നു പറയുമ്പോൾ അധികാരമുള്ളിടത്താണല്ലോ പ്രത്യയശാസ്ത്രം പ്രവർത്തിക്കുക എന്ന കാര്യം പരിഗണിക്കേണ്ടിവരുന്നു. അതിനോടുള്ള പ്രതിഷേധത്തിലും പ്രതികരണത്തിലുമാണ് പ്രതിനിധാന പഠനം ശ്രദ്ധിക്കുന്നത്. കലാനിരൂപണത്തിന്റെ ആരംഭകാലം മുതൽ തന്നെ പ്രതിനിധാനം എന്ന ആശയമുണ്ടായിരുന്നു. സാഹിത്യത്തിന് യാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യാൻ കഴിയുമോ എന്ന ചോദ്യമാണ് എന്നും റിയലിസം ഉന്നയിച്ചിരുന്നത്. റിയലിസ്റ്റ് സമീപനത്തിൽത്തന്നെ പ്രതിനാധാനപഠനത്തിന്റെ സാധ്യതയെ സൂക്ഷ്മതലത്തിൽ അന്വേഷിച്ച ചിന്തകനാണ് ലൂക്കാച്ച്. "ആധുനികതയുടെ പരീക്ഷണാത്മകമായ സൗന്ദര്യശാസ്ത്രത്തെ എതിർത്ത അദ്ദേഹം അതിന്റെ ദുർഗ്രഹവും ശകലിതവുമായ പ്രതിനിധാനരീതി മുതലാളിത്തവ്യവസ്ഥിതിയിൽ സഹജമായ അന്യവത്കരണത്തിന്റെ സൂചകമാണെന്ന് വാദിച്ചു. ആധുനികതയുടെ ക്രമരഹിതമായ അവസ്ഥകൾക്കുള്ള ഫലപ്രദമായ തിരുത്തായിരുന്നു അദ്ദേഹത്തിന് റിയലിസ്റ്റ് സാഹിത്യം. മികവുറ്റ റിയലിസ്റ്റ് സാഹിത്യം പ്രതിനിധാനം ചെയ്യുന്നത് സമൂഹത്തിന്റെയും അതിനെ രൂപപ്പെടുത്തിയ ചരിത്രശക്തികളുടെയും വിപുലമായ ചിത്രമോ പ്രത്യക്ഷമായ സമഗ്രതയോ ആണെന്നാണ് ലൂക്കാച്ചിന്റെ അഭിപ്രായം."[2] പ്രതിനിധാനം ഭാഷയെ സംസ്കാരവുമായി ബന്ധിപ്പിച്ചുകൊണ്ടുപോവുന്നു എന്നിടത്താണ് ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ പ്രസക്തി. സ്ത്രീകളുടെ പ്രതിനിധാനം എന്നതുപോലെ ഭൂതകാലത്തിന്റെ പുനരവതരണം (Representing Women and Re-Presenting the past) എന്ന രീതിയിൽക്കൂടി പ്രതിനിധാനപഠനങ്ങൾ പുതിയ സാധ്യതകൾ അന്വേഷിക്കാൻ തുടങ്ങിയിട്ടുണ്ട്.

"പ്രതിനിധാനം എന്ന ആശയത്തിന് അനുഭവവും ആവിഷ്കാരവും തമ്മിലുള്ള ഒരു അകലം ആവശ്യമാണ്. പ്രതിനിധാനത്തിനെപ്പോഴും ഒരു കഥാത്മകത്വമുണ്ട്. യാഥാർത്ഥ്യവും അതിനെ നോക്കിക്കാണുന്നതിനുമിടയിൽ ഒരു വിടവ് തീർക്കുന്നു. മാത്രമല്ല പ്രത്യയശാസ്ത്രങ്ങൾ വസ്തുരൂപത്തിൽ ഖനീഭവിക്കുന്നത് ലോകയാഥാർത്ഥ്യമായി നമുക്ക്മുന്നിൽ പ്രത്യക്ഷപ്പെടുന്നതും പ്രതിനിധാനങ്ങളുടെ രൂപത്തിലാണ്. ഈ വസ്തുക്കൾ പുസ്തകങ്ങളോ ചിത്രങ്ങളോ സിനിമകളോ പരസ്യങ്ങളോ ഫാഷനോ എന്തുമാകാം. സ്ഥിരവും സ്വാഭാവികവുമാണെന്ന പ്രതീതിയാണ് പ്രതിനിധാനങ്ങൾ സൃഷ്ടിക്കുന്നത്. ഇതവയുടെ സംകോടനത്തിന്റെ സവിശേഷതയാണ്. വാസ്തവത്തിൽ പ്രതിനിധാനങ്ങൾ ക്ഷണികവും അഭ്യസനവൃത്തിയിലൂടെ സ്വായത്തമാക്കുന്നതുമാണ്.

ദ്വിതീയമായ പ്രതിനിധാനങ്ങൾ നമുക്ക് പ്രാഥമികമായി അനുഭവപ്പെടുകയും അവയെല്ലാം സത്യം കഥിക്കുന്നതായി തോന്നുകയും ചെയ്യും. ദ്വിതീയതലത്തിൽനിന്ന് പ്രാഥമികതലത്തിലേക്കുള്ള ഈ വ്യതിയാനം ദ്രുതഗതിയിലുള്ളതും നമ്മുടെയും മറ്റുള്ളവരുടെയും പ്രയോഗങ്ങളിൽ എപ്പോഴും കാണാവുന്നവയുമാണ്. പ്രതിനിധാനം പൊടുന്നനെ പ്രതിനിധികളായിമാറും. അതായത് നമുക്കുവേണ്ടി സംസാരിക്കുന്നു എന്നർത്ഥം. അതൊരു സാമൂഹ്യഗണത്തിന്റെ ആധികാരിക ശബ്ദമായി മനസ്സിലാക്കപ്പെടുന്നു. ഇവിടെവെച്ചാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. സ്ത്രീയെ പ്രതിനിധീകരിക്കുകയും സ്ത്രീകൾക്കുവേണ്ടി സംസാരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ നിർമ്മിതികളെ കൊടുക്കുകയും വാങ്ങുകയും ചെയ്യാൻ കഴിയുന്നവിധം ഉറപ്പും സ്ഥിരതയുമുള്ള ഗണമാണോ സ്ത്രീകൾ? ഈ ഗണത്തിലെ വ്യക്തികളെയാണോ ഗണത്തെത്തന്നെയാണോ ഇവർ പ്രതിനിധീകരിക്കുന്നത്? ഈ ചോദ്യമാണ് പ്രതിനിധാനവുമായി ബന്ധപ്പെട്ട് ഉയർന്നുവരിക എന്നാണ് Representing Women: Re-presenting the past എന്ന ലേഖനത്തിൽ ഗില്ലിയൻ ബീർ സൂചിപ്പിക്കുന്നത്.[3] പ്രതിനിധാനപഠനത്തിന്റെ സാധുതയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. 1969-ൽ ഇറങ്ങിയ കെയ്റ്റ് മില്ലറ്റിന്റെ Sexual politics[4] സാഹിത്യത്തിലെ സ്റ്റീരിയോ ടൈപ്പുകളെക്കുറിച്ചാണ് പഠിച്ചത്. അതിലൂടെയാണ് 'ആണധികാരവ്യവസ്ഥയെ' മില്ലറ്റ് സിദ്ധാന്തവത്കരിച്ചത്. സ്ത്രീകൾ സൃഷ്ടിച്ചെടുത്ത ബദലുകളെകുറിച്ചുള്ള അന്വേഷണമാണ് പ്രധാനമെന്ന് വരുന്നിടത്താണ് പ്രതിനിധാനപഠനത്തിന് പ്രസക്തിയേറുന്നത്. സ്ത്രീകളുടെ ചെറുത്തുനില്പുകളുടെ, അധ്വാനത്തിന്റെ, സർഗ്ഗാത്മകതയുടെ ചരിത്രം വീണ്ടെടുക്കണമെന്ന ആവശ്യം ഇങ്ങനെയാണ് ശക്തമായത്.

## III

1949-ൽ പ്രസിദ്ധീകരിച്ച The Second Sex[5] ആണ് ചരിത്രപരമായ രീതിശാസ്ത്രത്തെ പിന്തുടർന്നുകൊണ്ട് ആണധികാരത്തെ പ്രശ്നവത്ക്കരിച്ച സ്ത്രീവാദത്തിലെ പ്രധാനപ്പെട്ട കൃതി. ചരിത്രത്തിലും സംസ്കാരത്തിലും നിലനിൽക്കുന്ന ലിംഗപരമായ അനീതിയെ ചോദ്യംചെയ്തുകൊണ്ട് നിലവിലുള്ള സാഹിത്യപഠനത്തിന്റെ ദിശതന്നെ മാറ്റുന്ന കൃതിയാണ് The Second Sex. മനുഷ്യൻ/പുരുഷൻ എന്നത് ധനാത്മകവും സാമാന്യനിയമത്തെകാണിക്കുന്നതുമായ മാനസികാവസ്ഥയെ സൂചിപ്പിക്കുന്നു. Woman/സ്ത്രീ രണ്ടാമതായിട്ടുള്ളതും അപരവുമാണ്. പുരുഷൻ എന്നതിനോട് ചേർന്നുനിന്നാണ് സ്ത്രീക്ക് അർത്ഥമുണ്ടാകുന്നത്. 1884-ൽ പ്രസിദ്ധീകരിച്ച എംഗൽസിന്റെ കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം

എന്നിവയുടെ ഉത്ഭവം എന്ന കൃതി ചരിത്രപരമായ ഭൗതികവാദമനുസരിച്ച് മാനവസമൂഹത്തിന്റെ വികാസപരിണാമങ്ങൾ മനസ്സിലാക്കുക എന്ന ദൗത്യം നിർവ്വഹിച്ച ആദ്യ രചനയാണ്.[6] സ്ത്രീകളെ കേന്ദ്രത്തിലേക്ക് കൊണ്ടുവന്ന രണ്ടാം തരംഗ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾക്ക് ശരീരമാത്ര സിദ്ധാന്തങ്ങളുമായല്ല രീതിശാസ്ത്രപരമായി അടുപ്പമുള്ളത്. മറിച്ച് അവർ എംഗൽസിന്റെയും സിമോൺ ദി ബുവയറുടെയും മാതൃക പിന്തുടർന്ന് ചരിത്രത്തിലേക്ക്തന്നെയാണ് നോക്കുന്നത്. Women still dream through the dreams of man[7] എന്ന് ബുവയർ പറയുമ്പോൾ സ്വപ്നങ്ങളുടെ വേരുകൾ ചരിത്രത്തിലും സംസ്കാരത്തിലും തന്നെയാണ് കിടക്കുന്നത് എന്നതന്നെയാണ് അർത്ഥമാക്കുന്നത്. We think back through our mothers if we are women[8] എന്ന് വൂൾഫ് സൂചിപ്പിക്കുമ്പോഴും പ്രതിനിധാനങ്ങളെ ചരിത്രത്തിൽനിന്ന് കണ്ടെടുക്കാൻ തന്നെയാണ് ശ്രമിക്കുന്നത്.

1991-ൽ കാതറിൻ കരിഗൻ എഡിറ്റുചെയ്ത Scothish women poets എന്ന കൃതിയിൽ സ്ത്രീകളുടെ രചനകളെ അവയുടെ ചരിത്രപരമായ പശ്ചാത്തലത്തിൽനിന്നുകൊണ്ട് പഠിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നുണ്ട്.[9] 1976-ൽ ഇറങ്ങിയ എലൈൻ മോറീസിന്റെ Literary Women[10] എന്ന പുസ്തകത്തിൽ സ്ത്രീകളുടെ മങ്ങിപ്പോയ സർഗ്ഗാത്മകതയിലേക്ക് കാഴ്ചയെ കൊണ്ടുപോകേണ്ടതിനെക്കുറിച്ച് പറയുന്നുണ്ട്. ടോറിൽ മോയി Feminist, Female, Feminine[11] എന്ന ലേഖനത്തിൽ ഈ മൂന്നു സങ്കല്പനങ്ങളും തമ്മിലുള്ള സൈദ്ധാന്തികമായ വ്യത്യാസം വിവരിക്കുന്നുണ്ട്. ലിംഗവിവേചനത്തെ ശരീരമാത്രവാദങ്ങളിൽനിന്ന് മോചിപ്പിക്കാനാണ് ടോറിൽ മോയിയും ശ്രമിക്കുന്നത്. Female എന്നത് ഒരിക്കലും ഒരു ഫെമിനിസ്റ്റ് സമീപനം വാഗ്ദാനം ചെയ്യുന്നില്ലെന്ന് മോയി. അതുകൊണ്ട് Female Tradition (സ്ത്രീ പാരമ്പര്യം) എന്നത് ഒരിയ്ക്കലും ഫെമിനിസ്റ്റ് ആയിക്കൊള്ളണമെന്നില്ല. സ്ത്രീകളെക്കുറിച്ചുള്ള എഴുത്തിന് ഏതെങ്കിലും രീതിയിൽ ഫെമിനിസവുമായി ബന്ധമുണ്ടെന്ന് പറയാൻ കഴിയില്ല. Feminine/Masculine എന്നത് സാമൂഹ്യനിർമ്മിതിയാണ്. സാമൂഹ്യവും, സാംസ്കാരികവുമായ സാമാന്യനിയമങ്ങൾ അടിച്ചേല്പിക്കുന്ന ലൈംഗികതയും സ്വഭാവ സവിശേഷതകളുമാണ് ഇതിനെ നിർമ്മിക്കുന്നത്. അതുകൊണ്ടാണ് സിമോൺ ദി ബുവെ സ്ത്രീകളായി ആരും ജനിക്കുന്നില്ല, ആയിത്തീരുകയാണെന്ന് പറഞ്ഞത്. 1977-ൽ പ്രസിദ്ധീകരിച്ച എലൈൻ ഷോവാൾട്ടറിന്റെ A Literature of their own: British Women Novelists from Bronte to lessing[12] എന്ന കൃതി മുന്നോട്ടുവെച്ച ഗൈനോക്രിറ്റിസിസത്തിന്റെ രീതിശാസ്ത്രവും ചരിത്രപരമായിത്തന്നെയാണ് സ്ത്രീകളുടെ ഉപസംസ്കാരത്തെ നിർമ്മിച്ചെടുക്കുന്നത്.

The Mad Women in the Attic : The Women Writer and the Nineteenth Century Literary Imagination എന്ന കൃതിയും സാഹിത്യഭാവനയുടെ ഉപസംസ്കാരത്തെതന്നെയാണ് നിർമ്മിച്ചെടുക്കുന്നത്.[13] ശരീരമാത്രമായ സത്താവാദ (Biological Essentialism) ത്തെ മറികടക്കാൻതന്നെയാണ് മേൽസൂചിപ്പിച്ച കൃതികളെല്ലാം ശ്രമിച്ചിട്ടുള്ളത്. ശരീരത്തെയും ലൈംഗികതയെയും പ്രത്യുത്പാദനത്തെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും അകത്തളത്തിൽനിന്ന് വിശകലനംചെയ്യുന്നതോടെ പഠനങ്ങളുടെ ഇത്തരം സ്വഭാവംതന്നെ മാറുന്നു. The Feminist reader: Essays in Gender and the Politics of Literary Criticism എന്ന പുസ്തകത്തിലെ ആമുഖ ലേഖനത്തിൽ കാതറിൻ ബെൽസിയും ജെയിൻ മൂറും ഫെമിനിസ്റ്റ് വായനയിൽ സാഹിത്യത്തോട് നിഷ്കളങ്കമോ സ്വാഭാവികമോ ആയ സമീപനമില്ലെന്ന് പറയുന്നതും നേരെത്തെ സൂചിപ്പിച്ച ചരിത്രപരമായ രീതിശാസ്ത്രം ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ്.[14] തൊണ്ണൂറുകളോടെ മലയാളത്തിൽ സജീവമായ സ്ത്രീവാദനിരൂപണവും ഊർജ്ജം സ്വീകരിച്ചത് മേൽസൂചിപ്പിച്ച സൈദ്ധാന്തികധാരകളിൽനിന്നുതന്നെയാണ്. എന്നാലും മലയാളനിരൂപണ സാഹിത്യചരിത്രത്തിൽ ഇതിന് പൂർവ്വമാതൃകകളില്ല എന്നു പറയാൻ കഴിയില്ല. സ്ത്രീവാദനിരൂപണത്തിന്ന് വളരാൻ പാകത്തിലുള്ള മണ്ണൊരുക്കിയ പല നിരൂപകരും മലയാളത്തിലുണ്ട്.

## IV

റിയലിസത്തിന്റെ വിശാലഭൂമികയിലാണ് ജീവത്സാഹിത്യ നിരൂപണമാതൃകകൾ മലയാളത്തിലുമുണ്ടായത്. ഇറവെള്ളത്തിൽ കുളിച്ച മലയാളിയെ കടൽവെള്ളത്തിൽ കുളിപ്പിച്ച് സാഹിത്യത്തിലെ സ്ഥലപരമായ അതിർത്തി മായ്ച്ചുകളഞ്ഞുകൊണ്ട് നിരൂപണത്തിന്റെ ഭാവുകത്വത്തിൽ വലിയ ഇടപെടലുകൾ നടത്തിയ കേസരി എ. ബാലകൃഷ്ണപിള്ളയുടെ എഴുത്തിൽ സ്ത്രീവാദത്തിന്റെ അടയാളങ്ങൾ ദൃശ്യമായിരുന്നു. "ഇത്രയും പറഞ്ഞതിൽനിന്ന് തങ്ങൾക്ക് ഫലിതരസമില്ലല്ലോ എന്ന് സ്ത്രീകൾ ഖേദിക്കുമായിരിക്കും. എന്നാൽ പ്രൊഫസർ മത്തിൽസ് വേർതിങ് എന്ന ജർമ്മൻ മനഃശാസ്ത്രജ്ഞയുടെ സാമുദായികാധികാര വിഭജനവാദം ശരിയാണെങ്കിൽ സ്ത്രീകൾ കുണ്ഠിതപ്പെടേണ്ട ആവശ്യമില്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. പ്രാചീനകാലം മുതൽക്ക് പുരുഷൻ സ്ത്രീയെ അടിമയാക്കിവെച്ച സമുദായത്തിലെ അധികാരം കൈവശപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് സ്ത്രീകളുടെ കുറവുകൾ ഉത്ഭവിച്ചിട്ടുള്ളതെന്നും അവ ജന്മനാലുള്ളതല്ലെന്നും ഈ സാമുദായികാധികാര വിഭജനരീതി മാറ്റിയാൽ സ്ത്രീകളുടെ കുറവുകൾ തിരോധാനം ചെയ്യുമെന്നുമാണ്

ഈ മഹാളാമണിയുടെ വാദം."[15] എന്നിങ്ങനെ കേസരി സ്ത്രീകളുടെ 'കുറവുകളെ' ചരിത്രപരമായിത്തന്നെ വിശകലനം ചെയ്യാനാണ് ശ്രമിക്കുന്നത്.

'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന ലേഖനത്തിൽ മുണ്ടശ്ശേരി ആണധികാരിയായ രാജാവിനെ ചരിത്രപരമായിത്തന്നെ വിശകലനം ചെയ്യുന്നു. "ഈശ്വരനെപ്പോലും പുല്ലിംഗത്തിലാക്കിയിട്ടുള്ള പുരുഷനെക്കൊണ്ട് സ്ത്രീയെ തന്റെ ഉപഭോഗ്യവിഭവങ്ങളിൽ ഒന്നായി ഏറ്റവും മികച്ചതെന്നുതന്നെ വെച്ചോളൂ—വെട്ടിയുറപ്പിച്ച ആ സാമൂഹ്യനിതീയുടെ സൃഷ്ടിയാണ് കാളിദാസന്റെ ശകുന്തള'[16] സാഹിത്യവിമർശനത്തിൽ ഇത്തരം ഉൾക്കാഴ്ചകൾ തായാട്ട് ശങ്കരനും ഉപയോഗപ്പെടുത്തുന്നുണ്ട്.[17] "മുതലാളിത്ത സംസ്കാരത്തിന്റെ മഹാരോഗമാണത്. ഏതു മനുഷ്യബന്ധത്തേയും ലാഭചേതത്തിന്റെ തുലാസിലിട്ടു മാത്രമേ അതിനെ വിലയിരുത്താനാവുകയുള്ളൂ. താൻ അടിമയായിത്തീരാൻ വേണ്ടിത്തന്നെയാണ് ജനിച്ചത് എന്ന് അടിമയെ വിശ്വസിപ്പിക്കുന്നതിൽ നമ്മുടെ പാരമ്പര്യ ധർമ്മശാസ്ത്രം വിജയിച്ചു. അവൾ കമ്പോളച്ചരക്ക് ആവാൻ വേണ്ടി ജനിച്ചവളാണ് എന്ന് സ്ത്രീയെ വിശ്വസിപ്പിക്കുന്നതിൽ മുതലാളിത്ത വാണിജ്യസംസ്കാരവും വിജയിക്കുന്നു. സൗന്ദര്യമത്സരമാണ് അത് പഠിപ്പിക്കുന്ന പ്രാഥമികവിദ്യാലയം. സംസ്കാരത്തിന്റെ സംരക്ഷകരും പ്രചാരകരും ആയിത്തീരേണ്ട എഴുത്തുകാർ ഈ രണ്ട് കാലഘട്ടത്തിനു നേരെയും എങ്ങനെയാണ് പ്രതികരിച്ചതെന്ന് നോക്കിക്കാണുന്നത് എന്തുകൊണ്ടും പ്രയോജനപ്രദമാണ്"(പുറം 104). വൈദികസംസ്കാരവും മുതലാളിത്ത സംസ്കാരവും എങ്ങനെയാണ് സ്ത്രീയെ ദ്വിതീയ ലിംഗജാതിയായി പരിഗണിച്ചതെന്നുള്ള അന്വേഷണമാണ് തായാട്ടിന്റെ 'ശീലാവതിയും ക്രിസ്ത്യൻ കീലറും'[17] എന്ന ലേഖനം. കുറ്റിപ്പുഴ കൃഷ്ണപ്പിള്ള ജാതിയിലധിഷ്ഠിതമായ ബ്രാഹ്മണമതത്തെ അടിസ്ഥാനമാക്കി ഇതിഹാസങ്ങളേയും പുരാണങ്ങളേയും പുതിയ രീതിയിൽ വായിക്കുമ്പോൾ ബ്രാഹ്മണാധിഷ്ഠിത പിതൃമേധാവിത്തത്തെതന്നെയാണ് പ്രശ്നവത്കരിക്കുന്നത്. ചരിത്രപരമായ അന്വേഷണങ്ങളെ സാഹിത്യനിരൂപണത്തിൽ പ്രയോജനപ്പെടുത്തുന്ന നിരൂപണത്തിലെ മേൽ സൂചിപ്പിച്ച കൈവഴിയുടെ വികാസമാണ് തൊണ്ണൂറുകളോടെ മലയാളത്തിൽ ശക്തിപ്രാപിച്ച സ്ത്രീവാദനിരൂപണം.

## V

പ്രതിരോധത്തിന്റെ പാഠങ്ങളെ കണ്ടെടുക്കുകയും ആണധികാരത്തിന്റെ ബലതന്ത്രങ്ങളെ വിശദീകരിക്കുകയും ചെയ്യുന്ന ഈ രീതി

മലയാളത്തിലെ ആധുനികനിരൂപണങ്ങളെ ചോദ്യംചെയ്തുകൊണ്ടാണ് കടന്നുവരുന്നത്. നവോത്ഥാനത്തിന്റെയും ജീവൽസാഹിത്യത്തിന്റെയും ഭാവുകത്വത്തെ പിന്തള്ളിക്കൊണ്ടാണ് മലയാളം ആധുനികതയെ ആഘോഷിച്ചത്. സാഹിത്യസൃഷ്ടിയെ കെ.പി.അപ്പൻ ക്ഷോഭിക്കുന്ന വരുടെ സുവിശേഷമായി വാഴ്ത്തി.

'പൗരുഷത്തിന്റെ കലാരൂപം എന്ന ലേഖനത്തിൽ വിമർശനം പുരുഷനുമാത്രം സാധ്യമായൊരു കലയാണെന്നാണ് കെ.പി.അപ്പൻ. "സാഹിത്യവിമർശകന്റെ പേന വിശ്രമമില്ലാത്ത തോക്കാണ് തന്റെ രചനകളിൽ അയാൾ ആക്രമണകാരിയായും പ്രതിരോധഭടനായും പ്രത്യക്ഷപ്പെടുന്നു. ഉജ്ജ്വലിതമാകുന്ന വിശ്വാസത്തിന്റെ കരുത്തിൽ രചനകളിൽ ബുദ്ധിപരമായ മേധാവിത്തത്തിന്റെ സ്വരം അയാൾ പ്രക ടിപ്പിക്കുന്നു. കായിക ശക്തിയെ ഓർമ്മിപ്പിക്കാത്ത ബലിഷ്ഠമായ നിരീ ക്ഷണത്തിന്റെ സഹായത്തോടെ തന്റെ മുമ്പിൽ പ്രകോപനത്തോടെ നിൽക്കുന്ന കലാസൃഷ്ടികളെ അയാൾ കീഴ്പ്പെടുത്തുന്നു. ഈ സംഭവ ങ്ങളും ശക്തമായ വിധി നിഷേധങ്ങളും അയാളുടെ രചനയ്ക്ക് പുരുഷപ്ര കൃതി നൽകുന്നു. സാഹിത്യവിമർശനം അടിസ്ഥാനപരമായ പുരുഷ പ്രകൃതിയുടെ കലയാണ്. അത് പുരുഷസ്വഭാവത്തെയാണ് ധ്വനിപ്പിക്കു ന്നത്. ചിന്തയേയും ഭാഷയേയും കായികശക്തിയുടെ തലങ്ങളിലേക്ക് ഉയർത്തുന്ന ഈ സാഹിത്യരൂപം യഥാർത്ഥത്തിൽ പുല്ലിംഗത്തിന്റെ കലയാണ്."[18] ക്ഷോഭവും കലഹങ്ങളും നായക കഥാപാത്രങ്ങളുടെ തായി. മനുഷ്യൻ=പുരുഷൻ എന്ന നിലയിലുള്ള ആലോചനകളെ തകർ ത്തുകൊണ്ട് നിലവിലുള്ള സ്ത്രീ പുരുഷബന്ധങ്ങളെ പുതുക്കിപ്പണിഞ്ഞ മാധവിക്കുട്ടിയുടെ കലഹങ്ങളെ അന്നത്തെ നിരൂപകർ പരിഗണിച്ചിരു ന്നില്ല. സ്വരസ്വതിയമ്മയും രാജലക്ഷ്മിയൊന്നുമൊന്നും 'എഴുത്തമ്മ' മാരു മായില്ല. ബാലാമണിയമ്മയെ സമർത്ഥമായിത്തന്നെ മാതൃത്വത്തിന്റെ പാവനതയിൽ തളച്ചിടുകയും ചെയ്തു. നിരൂപണരംഗത്ത് ധൈഷണിക മായി ഇടപെട്ടുകൊണ്ട് ഇരുപ്പുറപ്പിച്ച എം.ലീലാവതിയുടെ വരവിനെ ചരിത്രപരമായി വിശദീകരിക്കാനും ആരും മുതിർന്നില്ല. ആധുനികനി രൂപണത്തിന്റെ ഇത്തരമൊരു ചരിത്രസന്ദർഭത്തിലാണ് സ്ത്രീവാദനിരൂ പണം പിറക്കുന്നത്.

എഴുത്തുകാരികളെ വേറിട്ടു പഠിക്കാനുള്ള തയ്യാറെടുപ്പുകൾ എന്ന നിലയിലാണ് പാപത്തറയുടെ അവതാരികയിൽ സച്ചിദാനന്ദൻ മറ്റ് ഭാഷകളിലെ സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുന്നത്.[19] ഉപസം സ്കാരനിർമ്മിതിയിലൂടെ എഴുത്തുകാരികളെ സമാഹരിക്കാനുള്ള

യത്നങ്ങളാണ് മൗനത്തിന്റെ നാനാർത്ഥങ്ങളും[20] പെൺവഴികളും,[21] പെണ്ണെഴുത്ത് എന്ന പ്രയോഗം ജൈവികമോ സാമൂഹികമോ എന്ന നിലയ്ക്കുള്ള ചർച്ചകൾ തൊണ്ണൂറുകളുടെ തുടക്കത്തിൽത്തന്നെ നടന്നിരുന്നു. ലിംഗം, പ്രാദേശികത, ലൈംഗികത തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള തന്മാപഠനങ്ങൾക്ക് ഏറെ പ്രചാരം ഇക്കാലത്ത് ലഭിച്ചിരുന്നു. സ്ത്രീ ശരീരത്തെ സർഗ്ഗാത്മകതയുടെ ഈറ്റില്ലമായി അവതരിപ്പിക്കുന്ന നിരീക്ഷണങ്ങളുമുണ്ടായി. ഡോ.കെ. രാഘവൻ പിള്ളയുടെ സ്ത്രൈണം, സ്വാതന്ത്ര്യം, സ്ത്രീത്വം എന്ന ലേഖനം സ്ത്രീവാദ നിരൂപണപദ്ധതികൾക്ക് തുടക്കമിടുകയായിരുന്നെന്ന് 'പെണ്ണെഴുതുന്ന ജീവിതത്തിൽ' എൻ.കെ.രവീന്ദ്രൻ. പെണ്ണെഴുതുന്ന ജീവിതം[22] എന്ന ഗവേഷണപ്രബന്ധം അക്കാദമിക് ഗവേഷണ മേഖലയിലേക്ക് എഴുത്തുകാരികളെക്കുറിച്ചുള്ള പഠനങ്ങളെ ബോധപൂർവ്വമായിത്തന്നെ കൊണ്ടുവരാനുള്ള വലിയൊരു യത്നമായിരുന്നു.

സർഗ്ഗാത്മരചനകളിൽ സജീവമായി വരുന്ന എഴുത്തുകാരികളെ ഉൾക്കൊള്ളാൻ പാകത്തിൽ മലയാളത്തിലെ സ്ത്രീവാദനിരൂപണവും വളർന്നുതുടങ്ങി. എഴുത്തുകാരന്മാരുടെ അരങ്ങായിരുന്ന സാഹിത്യനിരൂപണത്തിൽ ജെ. ദേവിക, ഗീത, ശാരദക്കുട്ടി, ഷംസാദ് ഹുസൈൻ, ജി. ഉഷാകുമാരി (ലിസ്റ്റ് അപൂർണ്ണമാണ്) തുടങ്ങിയ പേരുകൾ ഏറെ ശ്രദ്ധിക്കപ്പെടുന്നതായിത്തീർന്നിരിക്കുന്നു. സാഹിത്യചരിത്രങ്ങളെ പുതിയ രീതിയിൽ വായിക്കാനും വിട്ടുപോയ കണ്ണികളെ കണ്ടെത്താനുമുള്ള ശ്രമം സജീവമായി. 'ആദ്യകാല സ്ത്രീകഥകൾ'[23] എന്ന പേരിൽ എം.എം.ബഷീർ എഡിറ്റ്ചെയ്ത് പ്രസിദ്ധീകരിച്ച പുസ്തകം കഥാചരിത്രത്തിൽ ഇടംകിട്ടാതെപോയ എഴുത്തുകാരികൾക്ക് പുതിയൊരു മേൽവിലാസം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. കല്യാണിക്കുട്ടി, എം.സരസ്വതിഭായി, ചിന്നമ്മു അമ്മാൾ, ലക്ഷ്മിക്കുട്ടിവാരസ്യാർ, ബി.കല്യാണിയമ്മ, ടി.സി.കല്യാണിയമ്മ, തച്ചാട്ട് ദേവകി നേത്യാരമ്മ, അമ്പാടി കാർത്ത്യായനിയമ്മ, വി.എം.അമ്മ - എന്നിങ്ങനെ കവർച്ചിത്രത്തിൽതന്നെ അവരുടെ പേരുകളെല്ലാം നൽകുന്നു. സാഹിത്യചരിത്രത്തിൽ ഇടംകിട്ടാതെ പോയവരെ കണ്ടെടുക്കുന്ന പ്രവർത്തനത്തെ ഇന്ന് മുഖ്യധാരാ പ്രസിദ്ധീകരണങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്. സമാന്തര പ്രസിദ്ധീകരണങ്ങളാണ് തുടക്കത്തിൽ ഈ പ്രവർത്തനത്തിന് തുടക്കമിട്ടിരുന്നത്. ജെ. ദേവികയുടെ 'കല്പനയുടെ മാറ്റൊലി'[24] എന്ന സമാഹാരത്തിലെ ലേഖനങ്ങൾ ആദ്യകാലത്തെ എഴുത്തുകാരികളെ പരിചയപ്പെടുത്തുന്നവയാണ്. 'എഴുത്തമ്മമാർ'[25] എന്ന പ്രയോഗത്തിലൂടെ ആദ്യകാല എഴുത്തുകാരികളെ സാഹിത്യചരിത്രത്തിന്റെ ഭാഗമാക്കാനുള്ള യത്നമാണ് ഗീത നടത്തുന്നത്.

പൊതുവിദ്യാഭ്യാസരംഗത്തും ഉന്നതവിദ്യാഭ്യാസരംഗത്തും സാഹിത്യപാഠപുസ്തകങ്ങൾ രൂപകല്പനചെയ്യുമ്പോൾ എഴുത്തുകാരികളെ നിർബന്ധമായി ചേർക്കാൻ ശ്രമിക്കുന്നുണ്ട്. മലയാള കഥാസാഹിത്യത്തിലെ ഒന്നാംനിരയിൽത്തന്നെയാണ് സരസ്വതിയമ്മയെപ്പോലുള്ള എഴുത്തുകാരികളെ ഇന്നു പരിഗണിക്കുന്നത്. ലോകശ്രദ്ധയിലേക്കെത്തിയ മാധവിക്കുട്ടിയെപ്പോലുള്ള എഴുത്തുകാരിക്ക് അർഹിക്കുന്ന ആദരവ് നൽകാനുള്ള ധൈഷണികമായ ധൈര്യം കേരളത്തിലെ സാഹിത്യ അക്കാദമി പോലുള്ള സ്ഥാപനങ്ങൾക്ക് ഇന്ന് കൈവന്നിട്ടുണ്ട്.[26] യൂനിവേഴ്സിറ്റിതല സാഹിത്യപഠന സിലബസുകളിൽ സ്ത്രീവാദനിരൂപണം അനിവാര്യമായി പരിഗണിക്കണം എന്നൊരു ചിന്തയിലേക്കു ബോർഡ് ഓഫ് സ്റ്റഡീസ് പോലുള്ള അക്കാദമിക് സമിതികൾ എത്തിച്ചേർന്നിട്ടുണ്ട്. കാലിക്കറ്റ് യൂനിവേഴ്സിറ്റി ബി.എ. മലയാളപഠനത്തിൽ ഓപ്പൺ കോഴ്സായി സ്ത്രീപഠനങ്ങൾ എന്നൊരു പേപ്പർകൂടിയുണ്ട്.

ആധുനിക ചിന്താഗതിയിൽ രൂപംകൊണ്ട മനുഷ്യൻ പുരുഷനാണ്. പുരുഷനെ രൂപപ്പെടുത്തിയ അപരമായാണ് ആ സങ്കല്പം സ്ത്രീയെ കണ്ടത്. അപരത്തെ മനുഷ്യസങ്കല്പത്തിലേക്കുതന്നെ ലയിപ്പിച്ചെടുക്കാനുള്ള പരിശ്രമമാണ് സ്ത്രീവാദനിരൂപണം നടത്തിയത്. ഇത്തരത്തിലുള്ള ചരിത്രമായ ഇടപെടലിനെ ഓർമ്മിപ്പിക്കാൻ മാത്രമുള്ള ശ്രമമാണ് ഈ കുറിപ്പ്.

## ഗ്രന്ഥസൂചി

1. കെ.എം. അനിൽ (എഡിറ്റർ), സംസ്കാരനിർമ്മിതി, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2017, പു.238.
2. അജു.കെ. നാരായണൻ, (എഡിറ്റർ), താക്കോൽവാക്കുകൾ, പ്രതിനിധാനം, വിദ്വാൻ.പി.ജി.നായർ സ്മാരകഗവേഷണ കേന്ദ്രം, മലയാളവിഭാഗം, യു.സി. കോളേജ്, ആലുവ, 2017, പു.163.
3. Chatherine Belsey & Jane Moore (Edited), The Feminist Reader Essays in Gender and the Politics of Literary Criticism, Representing Women: Re-Presenting the Past, Black Well, Newyork, 1993.
4. Kate Millet, Sexual Politics, London, 1971.
5. Simone De Beauvoir, The Second Sex, Pen Books Ltd. Cavaye Place, London SW to a PG, 1988.
6. Frederick Engels, Origin of Family, Private Property and State, Moscow: Progress Publishers, 1964.
7. The Second Sex, P. 174.
8. Virginia Woolf, A Room of Own's Own, (London 1977), P.76.

9. Literature and Feminism: An Introducation,Writing by Women (London: Black Well), 1993,P.59.
10. Ellen Moers, Literary Women, London, 1977.
11. The Feminist Reader, P.117, 118, 119, 120, 121, 122, 123.
12. Elane Showalter, A Literature of their own: British Women Nevelists from Bronte to Lessing, Princeton: Princeton University Press, 1977.
13. Sandra Goilbert & Susan Gubar, The Mad Woman in the Attic: The Women Writer and the Nineteenth Century Literary Imagination, New Heaven: Yele University Press, 1979.
14. Feminist Reader
15. കേസരി എ. ബാലകൃഷ്ണപ്പിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, സ്ത്രീകളും ഫലിതരസവും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2011, പു-459.
16. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, വാല്യം 2, കാലത്തിന്റെ കണ്ണാടി, കറന്റ് ബുക്സ്, 1981, പു-129.
17. തായാട്ട് ശങ്കരൻ, പുതിയ പരിപ്രേക്ഷ്യം, നാഷണൽ ബുക്സ്റ്റാൾ കോട്ടയം, 1982, പു-105.
18. കെ.പി. അപ്പൻ, കെ.പി. അപ്പന്റെ തെരഞ്ഞെടുത്ത കൃതികൾ, വാല്യം-3, ഹരിതം ബുക്ക്, 2006, പു-129.
19. സച്ചിദാനന്ദൻ, മുടിത്തെയ്യങ്ങൾ, പാപത്തറ, കറന്റ് ബുക്സ്, തൃശ്ശൂർ, 1993.
20. രവീന്ദ്രൻ. എൻ.കെ., മൗനത്തിന്റെ നാനാർത്ഥങ്ങൾ, ഹരിത പുസ്തകകേന്ദ്രം, തൃശ്ശൂർ.
21. കെ.ജി.ശങ്കരപ്പിള്ള, പെൺവഴികൾ, (സ്ത്രീപക്ഷകവിതകൾ) കലാക്ഷേത്രം, കോഴിക്കോട്, 1994.
22. എൻ.കെ. രവീന്ദ്രൻ, പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്, 2010. സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള ഒരു പഠനം 1992 (ഗവേഷണപ്രബന്ധം).
23. ഡോ.എം.എം. ബഷീർ (സമ്പാദനവും പഠനവും), ആദ്യകാല സ്ത്രീകഥകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2004.
24. ജെ. ദേവിക, (എഡിറ്റർ) കല്പനയുടെ മാറ്റൊലി, കേരളസാഹിത്യപരിഷത്ത്, 2011.
25. ഗീത, എഴുത്തമ്മമാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.
26. 2017 സെപ്തംബർ 9,10 തിയ്യതികളിൽ പുന്നയൂർകുളം കമല സുരയ്യ സ്മാരകത്തിൽ കേരള സാഹിത്യഅക്കാദമി സംഘടിപ്പിച്ച നീർമാതളത്തണലിൽ എന്ന എഴുത്തുകാരികളുടെ കൂടിയിരിപ്പിൽ കേരളത്തിനകത്തും പുറത്തുമുള്ള ധാരാളം എഴുത്തുകാരികൾ പങ്കെടുത്തു.